**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4354** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി 2 .0**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കെയർ ഹോം പദ്ധതി 2.0 യുടെ പുരോഗതി അറിയിക്കാമോ; | (എ) | കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 4 വീടുകൾ വീതമുള്ള 10 ബ്ലോക്കുകളിലായി 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന സമുച്ചയമാണ് നിർമ്മിക്കുന്നത്. ഭവനസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് നിർമ്മിതി കേന്ദ്ര തൃശ്ശൂരിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ നയരൂപീകരണം, പദ്ധതി നിർവ്വഹണത്തിന് മാർഗ്ഗനിർദ്ദേശം നൽകുക, പദ്ധതി വിശകലനം ചെയ്യുക തുടങ്ങിയവയ്ക്കായി ബഹു. മുഖ്യമന്ത്രി രക്ഷാധികാരിയും ബഹു. സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ രജിസ്ട്രാർ കൺവീനറുമായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ഗുണമേന്മ ഉറപ്പുവരുത്തി പൂർത്തീകരിക്കുന്നതിനും, പദ്ധതി വിലയിരുത്തി സമയ ബന്ധിതമായി സംസ്ഥാനതല നിർവ്വഹണത്തിന്റെ പുരോഗതി സമിതിയെ അറിയിക്കുന്നതിനുമായി ജില്ലാതല നിർവ്വഹണ, മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല സമിതിയുടെ രക്ഷാധികാരി ഫ്ലാറ്റ് നിർമ്മിക്കുന്ന സ്ഥലത്തെ എം.എൽ.എ യും ചെയർമാൻ ജില്ലാ കളക്ടറും, കൺവീനർ സഹകരണ ജോയിന്റ് രജിസ്ട്രാറുമാണ്. നിർമ്മാണത്തിന്റെ പൊതു |

| | | | |
|---|---|---|---|
| | | | മേൽനോട്ടം നടത്തി നിർമ്മാണ സമയത്ത് പ്രാദേശികമായുണ്ടാകുന്ന വിഷയങ്ങൾ കൈകാര്യം ചെയ്ത് തീർപ്പാക്കുന്നതിനായി സ്ഥലം പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ ചെയർമാനും സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ കൺവീനറുമായി നിർമ്മാണ മേൽനോട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും ജില്ലാ കളക്ടർ തിരഞ്ഞെടുത്തു നൽകുന്ന സ്ഥലങ്ങളിലാണ് ഫ്ലാറ്റ് നിർമ്മാണം ഏറ്റെടുക്കുന്നത്. സ്ഥലത്തിന്റെ കിടപ്പ് പരിശോധിച്ച് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 ജില്ലകളിലും 14 എഞ്ചിനീയറിംഗ് കോളേജുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ വിശദമായി പരിശോധിച്ച് നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക അനുമതി നൽകുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് നിർദ്ദിഷ്ട പ്രവർത്തികൾക്കായി ഓരോ ജില്ലയിലും സഹകരണ ജോയിന്റ് രജിസ്ട്രാർ ചെയർമാനും കൺവീനറുമായി ജില്ലാതല സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ